"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**
**KSHB Building,ശാന്തി നഗർ, തിരുവനന്തപുരം-1.**

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം-. ഫിറ്റർ ട്രേഡിലെ ഇൻസ്ട്രക്ടറെ സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

*********

**ഉത്തരവ് നമ്പർ: എ2/283/07 തീയതി: 30.11.2015**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ യിൽ ഫിറ്റർ ട്രേഡിൽ പി.എസ്.സി യിൽ നിന്നും നിയമന ശുപാർശ ലഭിച്ച സാഹചര്യത്തിൽ 18.05.2015-ലെ പൊതുസ്ഥലംമാറ്റത്തിനു ശേഷം ഉണ്ടായിട്ടുള്ള തുറന്ന ഒഴിവിലേയ്ക്ക് സ്ഥലംമാറ്റത്തിനായി 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം താഴെ കുറിക്കുന്നു.

2. വ്യാവസായിക പരിശീലനവകുപ്പിന് കീഴിലുള്ള ഏറ്റുമാനൂർ ഐ.ടി.ഐയിൽ നിലവിൽ സേവനമനുഷ്ടിക്കുന്ന ശ്രീ.നൗഷാദ്.എ.പി, ചെന്നീർക്കര ഐ.ടി.ഐ യിൽ നിലവിൽ സേവനമനുഷ്ടിക്കുന്ന ശ്രീ.ബാബുരാജൻ.പി, കണ്ണൂർ ഐ.ടി.ഐ യിൽ നിലവിൽ സേവനമനുഷ്ടിക്കുന്ന ശ്രീ.അബ്ദുൽ ഹമീദ് എന്നീ ഇൻസ്ട്രക്ടർമാരിൽ നിന്നും കൊയിലാണ്ടി ഐ.ടി.ഐ യിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. നിലവിൽ കൊയിലാണ്ടി ഐ.ടി.ഐ യിൽ ഒരു തുറന്ന ഒഴിവാണുള്ളത്. ടി സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരതക്കവിധം പുറപ്പെടുവിക്കുന്നു.

3. ചെന്നീർക്കര ഐ.ടി.ഐ യിൽ ഫിറ്റർ ട്രേഡിൽ നിലവിൽ സേവനമനുഷ്ടിക്കുന്ന ശ്രീ.ബാബുരാജൻ.പി യുടെ അപേക്ഷ പരിഗണനാർഹ-മായതിനാൽ ടിയാനെ കൊയിലാണ്ടി ഐ.ടി.ഐ യിൽ നിലവിലുള്ള ഫിറ്റർ ട്രേഡിലെ തുറന്ന ഒഴിവിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ യഥാസമയം സേവനത്തിൽ പ്രവേശിക്കേണ്ടതും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ യഥാസമയം ഈ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

5. സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥന് നിയമാനുസൃതമുള്ള ദിനബത്ത, യാത്രബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്

പകർപ്പ്:- 1. പ്രിൻസിപ്പാൾ
ഐ.ടി.ഐ ചെന്നീർക്കര/കൊയിലാണ്ടി
2. DT (CA)/ JDT (CA)/SS (A) 3. SF (A2)

R/30/11/15 3. വകുപ്പ് വെബ്സൈറ്റ്